പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1792 — 14 -07 -2011 - ൽ മറുപടിയ്ക്ക്

## ഹോസ്പിറ്റൽ ഡെവലപ്മെന്റ് സമിതിയുടെ പ്രവർത്തനം ഓഡിറ്റ് ചെയ്യാൻ നടപടി

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി :

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡെവലപ്മെന്റ് സമിതികളുടെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇവ ഓഡിറ്റ് ചെയ്യുന്നത് ;

(സി) പ്രസ്തുത ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുമോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

(എ)യും (ബി)യും (സി)യും (ഡി)യും : കേരളത്തിലെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡെവലപ്മെന്റ് സമിതികളുടെ പ്രവർത്തനം ഓഡിറ്റ് ചെയ്യുന്നതിന് 23.03.1996 ലെ ജി.ഒ.(എം.എസ്)നം.155/96/ആ.കു.വ. പ്രകാരം അക്കൗണ്ടന്റ് ജനറലിനെയും 03.12.2004 ലെ ജി.ഒ.(ആർ.റ്റി)നമ്പർ.3379/2004/ ആ.കു.വ. പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 02.05.2005 ലെ ജി.ഒ.(ആർ.റ്റി)നം.1266/ 2005/ആ.കു.വ. പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി / ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ ഘടന/ ഉദ്ദേശലക്ഷ്യങ്ങൾ / സ്റ്റാഫ് നിയമനങ്ങളിലുള്ള ക്രമക്കേട് എന്നിവയുടെ അന്വേഷണച്ചുമതല ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ധനകാര്യ പരിശോധനാവിഭാഗത്തെയും ഏൽപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.